# INDIAN SCHOOL DARSAIT
## MODEL QUESTION PAPER- SEPTEMBER, 2017
## MALAYALAM

Class: IX | Max.Marks: 80
Date: | Time: 3hr.
Name: ________________________________ | Roll No.:_____

***General Instructions:***

(i) *All questions are compulsory.*

1. **SECTION-A/ എ. വിഭാഗം (10 Marks)** 5X2=10

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

“എന്റെ ദർശനം കുട്ടനാടിന്റെ മണ്ണിലാണ്. എന്റെലോകം കുട്ടനാടിന്റെ അതിരുകളിൽ അവസാനിക്കുന്നു.” അന്തരിച്ച പ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ളയുടെ വാക്കുകളാണിത്. “ഒരു യയാതി ജന്മം കിട്ടിയിരുന്നെങ്കിൽ കുട്ടനാടൻ പാടങ്ങളിലൂടെ ഞാൻ വീണ്ടും ഓടിനടക്കുമായിരുന്നു പുഞ്ചയ്ക്ക് വെള്ളം തേവുമായിരുന്നു. തേക്കു പാട്ടുകൾ പാടുമായിരുന്നു. വെളുപ്പിന് രണ്ടു മണിക്കേ ഉണർന്ന് എഴുത്തും വായനയും, പൂങ്കോഴി കൂവലുകൾക്കും മുൻപേ പാടമൊരുക്കൽ, വരമ്പത്ത് ഉച്ചയൂണ്, പുഴയിലെ തെളിവെള്ളത്തിൽ കുളി. ഞാനിതൊക്കെ പലപ്പോഴും സ്വപ്നം കാണാറുണ്ട്. ജീവിച്ചാലും ജീവിച്ചാലും കൊതിതീരാത്തതാണ് ജീവിതം. വാർദ്ധക്യം ഒരിക്കലും അനുഗ്രഹമല്ല. അതൊരു ദുഃഖമാണ്. ഞാൻ ഏകാന്തതയിൽ എന്റെ കഥാപാത്രങ്ങളെ കാണുന്നു. അവരോട് സംസാരിക്കുന്നു.”

1. ഏതാണ് തകഴിയുടെ ലോകം?
2. തകഴി ശിവശങ്കരപ്പിള്ള എപ്പോഴാണ് എഴുതാൻ ഇരിക്കാറുള്ളത്?
3. ഈ ഗദ്യഭാഗത്ത് പരാമർശിക്കുന്ന പുരാണ കഥാപാത്രം ആര്?
4. ജീവിതത്തെക്കുറിച്ച് തകഴി ശിവശങ്കരപ്പിള്ള പറയുന്നതെന്ത്?
5. ഈ ഗദ്യഭാഗത്തിന് നിങ്ങൾ നല്കുന്ന ശീർഷകം എന്ത്?

**ബി വിഭാഗം – Section- B (*16 marks*)**

2. a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം എഴുതുക. 1x8=8

1. വിദ്യാഭ്യാസത്തിൽ പഠനയാത്രയ്ക്കുള്ള പ്രാധാന്യം
2. ജൈവകൃഷിയുടെ ആവശ്യകത.
3. വൃദ്ധസദനങ്ങൾ ഉയർത്തുന്ന സാമൂഹിക പ്രശ്നങ്ങൾ

b) പുകവലിയുടെ ദൂഷ്യങ്ങൾ- എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഫീച്ചർ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് കത്തു തയ്യാറാക്കുക. 1x8=8

## സി വിഭാഗം – Section- C (*17 marks*)

3. a) പ്രയോഗം മാറ്റുക. 1x2=2

1. അയാൾ തൻെറ ചെറിയ തോൽപ്പെട്ടി തിണ്ണമേൽ വെച്ചു.

b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. 2x1=2

1. മെല്ലെ തുഴകൾ ചലിപ്പിച്ചു കൊണ്ട് കടത്തുകാരൻ മന്ദഹസിച്ചു.
2. അമ്മയെ അകത്തു കൊണ്ടുപോയാക്കിയതിനു ശേഷം അയാളുടെ ജ്യേഷ്ഠത്തി ഉമ്മറത്തേക്കു മടങ്ങിവന്നു

c) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. 2x1=2

1. വന്നതാണ്.
2. മാനുഷാകാരം

d) വിഗ്രഹിച്ചു സമാസം നിർണ്ണയിക്കുക. 2x1=2

1. ആഴിനേർവർണ്ണൻ
2. കണ്ണിണ

e) പര്യായമെഴുതുക. 2x1=2

1. വിളക്ക്
2. രാത്രി

f) നാനാർത്ഥമെഴുതുക. 2x1=2

1. വേല
2. സാധു

g) തെറ്റുണ്ടെങ്കിൽ തിരുത്തുക. 1x2=2

1. അത് എനിക്ക് മനസിലായപ്പോൾ ഞാൻ എൻെറ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കി.

4. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

a) വിപരീതം എഴുതുക. 2x1/2=1

1. ദീർഘം – (ദൈർഘ്യം, ഹ്രസ്വം, അനഘം)
2. അനശ്വരം – (നശ്വരത, സാക്ഷരത, അപാരത)

b) അർത്ഥവ്യത്യാസം എഴുതുക. 2x1/2=1

1. ദീനം – ദിനം (ദയ, അസുഖം, ദിവസം, മിഥ്യ)

c) എതിർലിംഗം എഴുതുക. 2x1/2=1

1. തോഴി – (തോഴൻ, പോഴൻ, ചോഴൻ)
2. ജ്യേഷ്ഠൻ – (ശ്രേഷ്ഠൻ, ജ്യേഷ്ഠത്തി, ജ്യേഷ്ഠം)

## ഡി വിഭാഗം - Section – D (*37 marks)*

5. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. 10x1/2=5

1. കീറിപ്പൊളിഞ്ഞ ചകലാസ് എന്ന കഥ എഴുതിയത് ആര്?
   (മാധവിക്കുട്ടി, ചെറുശ്ശേരി, കളക്ടർ നമ്പ്യാർ)
2. കൃഷ്ണഗാഥയുടെ രചനാകാലം
   (15-ാം നൂറ്റാണ്ട്, 16-ാം നൂറ്റാണ്ട്, 14-ാം നൂറ്റാണ്ട്)
3. 'നമുക്കിനി ഉറങ്ങാം സിദ്ധാർത്ഥാ' – ഇങ്ങനെ പറഞ്ഞത് ആര്?
   (വാസുദേവൻ, പണ്ഡിതൻ, അപരിചിതൻ)
4. 'വിശ്വം ദീപമയം' എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ള താണ്?
   (ഉമാകേരളം, കല്പശാഖി, വിദുരഭിക്ഷ)
5. വിഷക്കാവിൽ ദുർമന്ത്രവാദം ചെയ്യുന്നത് ആര്?
   (പഥികർ, മൂങ്ങകൾ, വണ്ടിക്കാരൻ)
6. നദിയെ ആളുകൾ കണ്ടിരുന്നത് എങ്ങനെ?
   (അമ്മയായി, മാർഗ്ഗതടസ്സമായി, വിശുദ്ധമായി)
7. "എന്നാൽ വിമലയെക്കൊണ്ട് എഴുതിച്ചുകൂടെ അതോ അവൾക്കുണ്ടോ ഈ പണിത്തിരക്ക്?" ഈ വാക്യങ്ങളിൽ പ്രകടമാകുന്നത്?
   (ദേഷ്യം, പരിഹാസം, വെറുപ്പ്)
8. 'കീറിപ്പൊളിഞ്ഞ ചകലാസ്' എന്ന പാഠം ഏതു വിഭാഗത്തിൽ പെടുന്നു?
   (നോവൽ, കഥ, ജീവചരിത്രം)
9. കണ്ണന്റെ കണ്ണുകളെ എന്തായി കല്പിച്ചിരിക്കുന്നു?
   (വണ്ടുകൾ, ആഴി, പൂക്കൾ)
10. ഹെർമ്മൻ ഹെസ്സെയുടെ 'സിദ്ധാർത്ഥ' പരിഭാഷപ്പെടുത്തിയത് ആര്?
    (എം.ടി.വാസുദേവൻ നായർ, ആർ. രാമൻ നായർ, മാധവൻ നായർ)

6. ഉത്തരമെഴുതുക. 3x4=12

a)

1. അക്രൂരൻ അമ്പാടിയിൽ കണ്ട കാഴ്ചകൾ എന്തെല്ലാം?
2. വണ്ടിക്കാരനെ പി. ഭാസ്കരൻ എവിടെയെല്ലാമാണ് കണ്ടെത്തുന്നത്?
3. മിന്നാമിനുങ്ങിൻെറ പ്രവൃത്തി ഉദാഹരിച്ചു കൊണ്ട് കവി നല്കുന്ന സന്ദേശമെന്ത്?

b)

1. നദി സിദ്ധാർത്ഥന് പകർന്നു നല്കിയ അറിവുകൾ എന്തെല്ലാം?
2. കടത്തുകാരൻെറ മഹത്തായ ഗുണങ്ങളിൽ ഒന്ന് എന്തായിരുന്നുവെന്ന് വിശദമാക്കുക.
3. കമലം, ഗോപി എന്നിവരുടെ സ്വഭാവത്തിൻെറ പ്രത്യേകതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

7. ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 2x4=8

1. നരേന്ദ്രന് സന്ന്യാസിമാരെ ഇഷ്ടമായിരുന്നു എന്നു തെളിയിക്കുന്ന ഒരു സന്ദർഭം എഴുതുക.
2. നരേന്ദ്രന് കപ്പലിനകത്ത് പ്രവേശിക്കാനുള്ള അനുവാദം കിട്ടിയതെങ്ങനെ?
3. നരേന്ദ്രൻ അന്ധവിശ്വാസങ്ങളെ എതിർത്തിരുന്നു എന്നതിന് ഒരു ഉദാഹരണം എഴുതുക?